# INTERNATIONAL INDIAN SCHOOL, DAMMAM
## SUMMATIVE –I 2012 -13
## ( MALAYALAM ) ------- CLASS VI

**Duration : 3 Hrs Maximum Marks 90**

I ഖണ്ഡിക വായിച്ച് ഉചിതമായ ഉത്തരം എഴുതുക (Marks 10)

ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒന്നാമത്തെ ഒളിമ്പിക് മത്സരം ക്രിസ്തുവിന് മുമ്പ് 776-ൽ ആഥൻസ് നഗരത്തിൽ വച്ച് നടന്നു. ഒലിവുമരത്തിന്റെ ചില്ലയായിരുന്നു അന്ന് വിജയികൾക്ക് സമ്മാനമായി നൽകിയിരുന്നത്. "കൂടുതൽ വേഗത്തിൽ കൂടുതൽ ഉയരത്തിൽ, കൂടുതൽ ശക്തിയിൽ.' ഇതാണ് ഒളിമ്പിക് മുദ്രാവാക്യം . ഒളിമ്പിക് ചിഹ്നം സമ്മിളിതമായ അഞ്ച് വൃത്തങ്ങളാണ് . നീല , പച്ച , മഞ്ഞ , കറുപ്പ് , ചുവപ്പ് എന്നീ നിറങ്ങളിലുള്ള വൃത്തങ്ങൾ . ഒളിമ്പിക് പതാക വെള്ളയാണ് . നടുവിൽ ഒളിമ്പിക് ചിഹ്നവുമുണ്ട് .

1. ഒളിമ്പിക് മുദ്രാവാക്യം എന്ത് ? (2)

2. ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒന്നാമത്തെ ഒളിമ്പിക്സ് ഏത് വർഷം നടന്നു ? . എവിടെവച്ച് നടന്നു ? (2)

3 ഒളിമ്പിക് വൃത്തങ്ങളിലെ നിറങ്ങൾ എന്തെല്ലാം ? . (2)

4. ഒളിമ്പിക് മത്സരവിജയികൾക്ക് സമ്മാനമായി നൽകിയിരുന്നത് എന്തായിരുന്നു ?. (2)

5 ഒളിമ്പിക് പതാകയുടെ നിറം എന്ത് ?. (1)

6. പതാകയുടെ നടുവിലുള്ള ചിഹ്നം എന്ത് ? (1)

II ഒരുഖണ്ഡികയിൽ ഉത്തരം എഴുതുക. (5 Marks)

"മാതൃഭാഷയുടെ ' പ്രാധാന്യത്തെക്കുറിച്ച് എഴുതുക

III വാക്യത്തിൽ പ്രയോഗിക്കുക ( Mark 3)

1, നിശ്ശേഷം 2. സേവനസന്നദ്ധർ 3. കുടികൊള്ളുക

IV കവിത പൂരിപ്പിക്കുക. ( 6 marks)

ചെറുപുള്ളിച്ചിറകുള്ള ———— വറുത്തുവയ്ക്കാൻ
(6 Lines)

V പൂരിപ്പിക്കുക. ( 4 Marks)

( ത്ഥം ,പ്പാ , സ്ത്യു , ഷ്ം , സ്വി , വ്ര )

1, ത്യാഗനി — 2, പരമാർ ——

3 ,ദീനസേവന — തം . 4, ——ത്യർഹം

VI അർത്ഥം എഴുതുക. ( 4 Marks)

(നടുഭാഗം, സത്യം, നീളം , ആഗ്രഹം , അവയവം )

1, ഇച്ഛ 2, പരമാർത്ഥം 3, അംഗം 4 ദൈർഘ്യം

VII വിപരീതം എഴുതുക. ( 4 Marks)

( ഹ്രസ്വം ഇകഴ്ത്തുക പരോക്ഷം അധോഗതി ചിരിക്കുക )

1, പുരോഗതി 2, ദീർഘം , 3, കരയുക , 4, പുകഴ്ത്തുക

VIII പര്യായം എഴുതുക. . ( 4 Marks)

1, രാജാവ് 2 . കള്ളം

IX <u>നാനാർത്ഥം എഴുതുക.</u> ( **2 marks**)

1, രസം

X <u>ചേർത്തെഴുതുക.</u> ( **4 Marks**)

1ലോകം + എമ്പാടും 2 കള്ളി + പെണ്ണ്

3 പുസ്തകം + കൾ 4 എന്ത് + എന്ത്

XI <u>പിരിച്ചെഴുതുക</u> ( **4 Marks**)

1. ഉലകത്തിൽ 2 സ്ത്യുത്യർഹം

3. മൂടിയിട്ട് 4, അപേക്ഷിക്കുകയുണ്ടായി

XII <u>ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക.</u> <u>(**9 Marks**)</u>

1, ശിബിയെ എന്തിനാണ് പക്ഷികൾ പരീക്ഷിച്ചത് ?

2. കടൽനാക്കിന്റെ പ്രത്യേകതകളെന്തെല്ലാം ?.

3. എന്ത് പരമാർത്ഥമാണ് ചങ്ങാലിപ്രാവ് മനസ്സിലാക്കാതിരുന്നത് ?

XIII <u>ഒറ്റവാക്കിൽ ഉത്തരം എഴുതുക</u> ( **5 Marks**)

1, ചങ്ങാലിപ്രാവ് എന്ന കവിത എഴുതിയതാര്. ?

(വൈലോപ്പിള്ളി , വള്ളത്തോൾ )

2. ആരെ രക്ഷിക്കാനാണ് രാജാവ് തുടയിൽനിന്ന് മാംസംമുറിച്ച് കൊടുക്കാമെന്ന് സമ്മതിച്ചത്.?

(പരുന്ത് , പ്രാവ്)

3 കണവയുടെ നീളം എത്ര ?
(90 സെ. മീ , 80 സെ. മീ )

4,നൂറിൽപ്പരം വർഷങ്ങൾക്കു മുമ്പ് ആരാണ് യുദ്ധസ്ഥലത്തുകൂടി സഞ്ചരിച്ചത് ?.

(ഹെൻഡ്രി , ജെ . എച്ച് ഡുനാന്റ് )

5, കണവയുടെ അസ്ഥിക്ക് പറയുന്ന പേര്? .

(കടൽപേന , കടൽനാക്ക്)

**XIV** <u>രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക</u> **(Marks 10)**

1 . റെഡ്ക്രോസിന്റെ പതാകയും ചിഹ്നവും എന്ത് ?

.2 ഈപ്രപഞ്ചം എങ്ങനെയുള്ളതാണ്. ?

3 കടലിലെ മഷിക്കുപ്പി എന്ത് ?

4. ചങ്ങാലിപ്രാവ് മകളോട് പറഞ്ഞതെന്ത്?

5. പ്രാവും , പരുന്തും വാസ്തവത്തിൽ ആരായിരുന്നു ? .

**<u>XV ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക(answer any one )</u> (Marks 6)**

1. ജൂനിയർ റെഡ്ക്രോസിന്റെ സേവനങ്ങളെന്തെല്ലാം ?

2. ശിബിയെ പ്രാവ് അനുഗ്രഹിച്ചതെങ്ങനെ ?

3 കണവ ശത്രുക്കളെ തോല്പിക്കുന്നതെങ്ങനെ ?

**XVI ഖണ്ഡിക വായിച്ച് ഉചിതമായ ഉത്തരം എഴുതുക** **( 10 Marks)**

സുഗന്ധവിളകളുടെ രാജാവ് കുരുമുളകാണെങ്കിൽ രാജ്ഞി ഏലമാണ് . കാളിദാസകവിതകളിൽ പലയിടത്തും ഏലത്തെ ക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഏലം , കുരുമുളക് , ഇഞ്ചി ,ഗ്രാമ്പു, കറുവ തുടങ്ങിയ സുഗന്ധവിളകളുടെ മണം പിടിച്ചാണ് വിദേശികളായ കച്ചവടക്കാർ പണ്ടു നമ്മുടെ നാട്ടിൽ എത്തിച്ചേർന്നത് . കേരളത്തിന്റെ കിഴക്കൻ പർവതനിര സുഗന്ധവ്യഞ്ജനങ്ങളുടെ കലവറയത്രെ . കേരളത്തിനും തമിഴ്നാടിനും ഇടയ്ക്ക് തലയുയർത്തിനിൽക്കുന്ന സഹ്യപർവതമാണ് ഏലത്തിന്റെ തറവാട് . ദ്രാവിഡി എന്നൊരു പേരുകൂടി പഴമക്കാർ ഏലത്തിന് നൽകിയിട്ടുണ്ട്.

1. വിദേശികളായ കച്ചവടക്കാർ പണ്ട് നമ്മുടെ നാട്ടിൽ എത്തിച്ചേർന്നത് ഏതെല്ലാം സുഗന്ധവിളകളുടെ മണംപിടിച്ചാണ് ? (2)

2. സുഗന്ധവിളകളുടെ രാജാവും , രാജ്ഞിയും ആരെല്ലാം ?(2)

3 സുഗന്ധവ്യഞ്ജനങ്ങളുടെ കലവറ എവിടെയാണ് ? (1)

4 കാളിദാസ കവിതകളിൽ പലയിടത്തും ഏതിനെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത് ? (2)

5 ഏലത്തിന്റെ തറവാട് ഏത് ? (2)

6. ഏലത്തിന് പഴമക്കാർ നൽകിയ മറ്റൊരുപേരെന്ത്? (1)